**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1184** **07-02-2023 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിൽ റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ കുടിവെള്ളം, സീവേജ് തുടങ്ങിയ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഡെപ്പോസിറ്റ് ഈടാക്കിയ ശേഷം പ്രസ്തുത റോഡുകളുടെ പുന:സ്ഥാപന പ്രവൃത്തികൾക്ക് ഈ തുക മതിയാകാതെ വരുന്നുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് റോഡുകളിൽ കുടിവെള്ളം, സീവേജ് തുടങ്ങിയ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഡെപ്പോസിറ്റ് തുക മതിയാകാതെ വരുന്ന സാഹചര്യം സാധാരണ സംഭവിക്കുന്നില്ല. എന്നാൽ വാട്ടർ അതോറിറ്റി അനുവദിച്ച നീളം/വീതി എന്നിവയിൽ കൂടുതൽ കുഴിക്കുന്നതുമൂലവും പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ കാലതാമസം മൂലവും ഡെപ്പോസിറ്റ് തുക മതിയാകാതെ വരുന്ന അവസരത്തിൽ അധിക തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു. കൂടാതെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റി കുഴിക്കുന്ന റോഡുകൾ പുന:സ്ഥാപിച്ച് പൂർവ്വസ്ഥിതിയിലാക്കേണ്ട ഉത്തരവാദിത്തം വാട്ടർ അതോറിറ്റിക്ക് തന്നെയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് കഴക്കൂട്ടം മണ്ഡലത്തിൽ പൂർത്തിയാക്കിയ റോഡ് പ്രവൃത്തികളുടെ വിവരം നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് കഴക്കൂട്ടം മണ്ഡലത്തിൽ റോഡ് പ്രവൃത്തികളൊന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല. |
| (സി) | കാര്യവട്ടം, ചേങ്കോട്ടുകോണം റോഡ് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പ്രസ്തുത റോഡ് നബാർഡ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുവാനുള്ള എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രവൃത്തിക്ക് അനുമതി ലഭിച്ചിരുന്നില്ല. |
| (ഡി) | തുമ്പ സ്റ്റേഷൻകടവ് ജംഗ്ഷൻ റോഡ് വികസനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വി.എസ്.എസ്.സി-യി ലേക്കുള്ള റോഡ് കണക്റ്റിവിറ്റി മെച്ചപ്പെടുത്തു ന്നതിന് വി.എസ്.എസ്.സി അധികൃതരുടെ നിർദ്ദേശം കൂടി പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. റോഡ് വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്നതിന് വി.എസ്.എസ്.സി യുടെ നിർദ്ദേശം കൂടി പരിഗണിച്ച് എസ്റ്റിമേറ്റ് വി.എസ്.എസ്.സി യിൽ സമർപ്പിച്ചിരുന്നു. എന്നാൽ 16.09.2022 ന് ചേർന്ന |

| | | | |
|---|---|---|---|
| | | | ചീഫ് സെക്രട്ടറിതല യോഗത്തിൽ ഫണ്ട് അനുവദിക്കാൻ കഴിയില്ല എന്ന നിലപാടാണ് വി.എസ്.എസ്.സി അധികകൃതരുടെ ഭാഗത്തും നിന്നും ഉണ്ടായത്. |

സെക്ഷൻ ഓഫീസർ